ഉത്തരം

(എ) ഉണ്ട്.

(ബി - എഫ്) വിശദവിവരം ശേഖരിച്ചുവരുന്നു.

സുനാമിയെ തുടർന്ന് നിരാലംബരായ കുട്ടികളെ ദത്തെടുക്കാൻ നടപടി

38 [2810] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :

,, കെ. അച്ചുതൻ :

,, ഇ. എം. അഗസ്തി :

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമിയെ തുടർന്ന് നിരാലംബരായ കുട്ടികളെ ദത്തെടുക്കാനായി ഏതെല്ലാം സാമൂഹ്യ സംഘടനകളും മതസ്ഥാപനങ്ങളും മഠങ്ങളും മുന്നോട്ട് വന്നിട്ടുണ്ട്;

(ബി) ഓരോ സ്ഥാപനങ്ങൾക്കും എത്ര കുട്ടികളെ വീതം ദത്തെടുപ്പ് നിയമത്തിന്റെ നൂലാമാലകളിൽ നിന്നും ഒഴിവ് നൽകി ഈ കുട്ടികളെ ദത്തെടുക്കാൻ അനുവദിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സുനാമി ദുരന്തത്തിനെ തുടർന്ന് സംസ്ഥാനത്ത് മൂന്ന് കുട്ടികളാണ് അനാഥരായിട്ടുള്ളത്. രണ്ട് പെൺകുട്ടികളും ഒരു ആൺകുട്ടിയും. ഇവർ ഇപ്പോൾ അവരുടെ ബന്ധുക്കളുടെ സംരക്ഷണയിലാണ്. കുട്ടികളെ അനാഥമന്ദിരത്തിലോ ദത്ത് എടുക്കലിന് വിട്ടുകൊടുക്കുന്നതിനോ ബന്ധുക്കൾക്ക് താൽപ്പര്യമില്ല. ബന്ധുക്കളുടെ സംരക്ഷണയിൽ വളരുന്ന കുട്ടികളെ സാമൂഹ്യക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർ നിരീക്ഷിച്ചു വരുന്നു.

അംഗൻവാടികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം

39 [2811] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി അംഗൻവാടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര അംഗൻവാടികൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതുതായി അംഗൻവാടികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ഡി) കുഴൽമന്ദം മണ്ഡലത്തിൽ ആകെ എത്ര അംഗൻവാടികളാണ് പ്രവർത്തിക്കുന്നത്;

(ഇ) പുതുതായി അംഗൻവാടികൾ ആരംഭിക്കുന്നതിന് കുഴൽമന്ദം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(എഫ്) കുഴൽമന്ദം മണ്ഡലത്തിൽ പുതുതായി അംഗൻവാടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) പുതുതായി അംഗൻവാടികൾ ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവാദം ലഭിക്കുന്ന മുറയ്ക്ക് അവ തുടങ്ങുന്നതാണ്.

(ബി) സംസ്ഥാനത്ത് ആകെ 25393 അംഗൻവാടികൾ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	അംഗൻവാടികളുടെ എണ്ണം
തിരുവനന്തപുരം	2166
കൊല്ലം	2215
പത്തനംതിട്ട	1192
ആലപ്പുഴ	1816
കോട്ടയം	1748
ഇടുക്കി	1170
എറണാകുളം	2152
തൃശ്ശൂർ	2541
പാലക്കാട്	2088
മലപ്പുറം	2671
കോഴിക്കോട്	2245
വയനാട്	577
കണ്ണൂർ	1815
കാസറഗോഡ്	997
ആകെ	**25393**

2/654/2012—11a.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഐ.സി.ഡി.എസ്. മാനദണ്ഡമനുസരിച്ച് സാധാരണഗതിയിൽ ഒരു അംഗൻവാടി അനുവദിക്കുന്നതിന് അർബൻ/റൂറൽ പ്രദേശങ്ങളിൽ 1000 ജനസംഖ്യയും, ട്രൈബൽ പ്രദേശങ്ങളിൽ 700 ജനസംഖ്യയും ഉണ്ടായിരിക്കണം എന്നാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം. എന്നാൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് 300-ന് മേൽ ജനസംഖ്യയുള്ള സ്ഥലങ്ങളിൽ അംഗൻവാടികൾ അനുവദിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം ഉണ്ട്. അതുപോലെ പ്രത്യേക സാഹചര്യങ്ങളിൽ 150-300 ഇടയ്ക്ക് ജനസംഖ്യയുള്ള സ്ഥലങ്ങളിലും മിനി അംഗൻവാടികൾ തുടങ്ങാനും നിർദ്ദേശമുണ്ട്.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) കുഴൽമന്ദം ഐ.സി.ഡി.എസ്. പ്രോജക്ട് പരിധിയിലുള്ള താഴെപ്പറയുന്ന പഞ്ചായത്തുകളിൽ നിന്നും ആകെ 23 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

പഞ്ചായത്ത്	എണ്ണം
കോട്ടായി	3
കണ്ണാടി	10
കുത്തന്നൂർ	2
പെരുങ്ങോട്ടുകുറിശ്ശി	4
മാത്തൂർ	2
തേങ്കുറുശ്ശി	2
ആകെ	**23**

(എഫ്) പുതുതായി അംഗൻവാടികൾ ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവാദം ലഭിക്കേണ്ടതുണ്ട്.

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് ആറാം വാർഡിൽ അംഗൻവാടി അനുവദിക്കാൻ നടപടി

40 [2812] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2004-05 വർഷത്തിൽ എത്ര അംഗൻവാടികൾ അനുവദിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly